## കേരള സർവകലാശാല

നം.പി.ആർ.181/2016 ഫോൺ : 2305738

### പത്രക്കുറിപ്പ്

#### പി.ജി പ്രവേശനം 2016–17

കേരള സർവകലാശാല 2016–17 അധ്യയനവർഷത്തെ പി.ജി പ്രവേശനത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് അനുവദനീയമായ തിരുത്തലുകൾ വരുത്തുവാൻ ഒക്ടോബർ ഒന്ന് രാവിലെ 11 മണിമുതൽ ഒക്ടോബർ മൂന്ന് വൈകുന്നേരം അഞ്ച് മണിവരെ അവസരമുണ്ടായിരിക്കും. പേര്, ജനന തീയതി, ഓപ്ഷനുകൾ എന്നിവ ഒഴികെയുള്ള തിരുത്തലുകൾ വരുത്താവുന്നതാണ്. നിലവിൽ പ്രവേശനം നേടിയിട്ടുള്ളവർക്ക് തിരുത്തലുകൾ വരുത്തുന്നതിന് നിബന്ധനകൾ ഉണ്ടായിരിക്കും. സർവകലാശാലയിൽ തിരുത്തലിനുവേണ്ടി അപേക്ഷ നൽകിയിട്ടുള്ളവരും സ്വമേധയാ തിരുത്തലുകൾ വരുത്തേണ്ടതാണ്.

#### എം.ബി.എ മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഫെബ്രുവരി/ മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ മാർക്ക്‌ലിസ്റ്റുകൾ ഒക്ടോബർ ഒന്ന്, മൂന്ന് തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ ഹാൾടിക്കറ്റ് ഹാജരാക്കി കൈപ്പറ്റണം.

#### പി.എച്ച്.ഡി കോഴ്സ് വർക്ക് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

#### പി.എച്ച്.ഡി കോഴ്സ് വർക്ക് പുന:പരിശോധന

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ പുന:പരിശോധനയ്ക്ക് ഒക്ടോബർ 14 വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിന് 500/- രൂപ അടച്ച് സി.എസ്.എസ് ഓഫീസിൽ എത്തിക്കണം.

#### എം.എ ഇംഗ്ലീഷ് പ്രോജക്ട്/വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് പരീക്ഷയുടെ പ്രോജക്ട് വൈവ ഒക്ടോബർ നാല് മുതൽ തുടങ്ങും. സമയം രാവിലെ 9.30 മുതൽ. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

#### പ്രോഗ്രാമർ ഒഴിവ്

കേരള സർവകലാശാല കമ്പ്യൂട്ടർ സെന്ററിൽ കരാറടിസ്ഥാനത്തിൽ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ഒക്ടോബർ 13 വൈകുന്നേരം അഞ്ച് മണിക്കകം ലഭിക്കണം. യോഗ്യരായവരിൽ നിന്നും ഇന്റർവ്യൂ പ്രകാരം തെരഞ്ഞെടുക്കും. യോഗ്യത, പ്രായം, പ്രവൃത്തിപരിചയം മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

**എം.എസ്‌സി മാത്തമാറ്റിക്സ് വൈവ**

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി മാത്തമാറ്റിക്സ് പരീക്ഷയുടെ വൈവ ഒക്‌ടോബർ മൂന്ന് മുതൽ ആറ് വരെ നടത്തും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.എച്ച്.എം.സി.ടി പരീക്ഷ**

കേരള സർവകലാശാല ഒക്‌ടോബർ 31-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2014 സ്കീം) ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 30-ന് തുടങ്ങും. 2014, 2011, 2006 സ്കീം പരീക്ഷകളുടെ ഫീസ് പിഴകൂടാതെ ഒക്‌ടോബർ ഏഴ് (50 രൂപ പിഴയോടെ ഒക്‌ടോബർ 15, 250 രൂപ പിഴയോടെ ഒക്‌ടോബർ 18) വരെ അടയ്ക്കാം.

**എം.ഫിൽ ഡിസർട്ടേഷൻ**

കേരള സർവകലാശാല പഠനവകുപ്പുകളിലേയും യൂണിവേഴ്സിറ്റി കോളേജിലെ വകുപ്പുകളിലേയും എം.ഫിൽ (2015- 16 ബാച്ച്) ഡിസർട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്‌ടോബർ മൂന്നിലേക്ക് മാറ്റി.

**റിസർച്ച് അസോസിയേറ്റ് ഒഴിവ്**

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിൽ റിസർച്ച് അസോസിയേറ്റിന്റെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ഒക്‌ടോബർ ഏഴ് വൈകുന്നേരം മൂന്ന് മണിക്കകം ഇ-മെയിൽ iucae2016@gmail.com വഴി അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

**പ്രോജക്ട് ഫെലോ ഒഴിവ്**

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിൽ യു.ജി.സി മേജർ റിസർച്ച് പ്രോജക്ടിലേക്ക് പ്രോജക്ട് ഫെലോ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ഒക്‌ടോബർ ഏഴ് വൈകുന്നേരം മൂന്ന് മണിക്കകം ഇ-മെയിൽ abdulsalim01@gmail.com വഴി അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
30.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**